# ഡിപ്ലോമ സർട്ടിഫിക്കറ്റ്

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ വാർഷിക പൊതു പരീക്ഷകളിൽ ഒന്നാം വർഷത്തേയും, രണ്ടാം വർഷത്തേയും എല്ലാ വിഷയങ്ങളും (തിയറിക്ക് 50 മാർക്കിൽ കുറയാതെയും, വൈവ-വോസി പരീക്ഷകൾക്ക് 20 മാർക്കിൽ കുറയാതെയും, പ്രാക്ടിക്കൽ പരീക്ഷകൾക്ക് 5 മാർക്കിൽ കുറയാതെയും മാർക്ക് നേടിയിട്ടുള്ളവർ) പാസ്സായിട്ടുള്ള വിദ്യാർത്ഥികൾക്ക് നേരിട്ടോ/അതാത് സ്ഥാപനം മുഖേനയോ ഡിപ്ലോമ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## അപേക്ഷിക്കേണ്ട വിധം

ഡിപ്ലോമ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകളുടെ പകർപ്പുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. (**അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകൾ എല്ലാം നിർബന്ധമായും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് ആയിരിക്കണം**)

- SSLC/10th സർട്ടിഫിക്കറ്റ്
- പ്ലസ് 2 സർട്ടിഫിക്കറ്റ്
- ഇതുവരെ എഴുതിയിട്ടുള്ള DHIC പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ
- ഇതുവരെ എഴുതിയിട്ടുള്ള DHIC പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ
- ആധാറിന്റെ പകർപ്പ്

അപേക്ഷ ഫോറം തെറ്റ് കൂടാതെ കൃത്യതയോടെ പൂരിപ്പിച്ച് അപേക്ഷകൾ ഗവൺമെന്റ് പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ ലഭിക്കത്തക്കവിധം നേരിട്ടോ/തപാൽ മുഖേനയോ/അതാത് സ്ഥാപനങ്ങൾ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

## ഡിപ്ലോമ സർട്ടിഫിക്കറ്റിനുള്ള ഫീസ്

ഡിപ്ലോമ സർട്ടിഫിക്കറ്റിനുള്ള ഫീസ് 100 രൂപയാണ്. ആയത് സെക്രട്ടറി, പാരാമെഡിക്കൽ കൗൺസിലിന്റെ അക്കൗണ്ടിലേക്ക് (Account No. 57036990991, SBI - തിരുവനന്തപുരം മെയിൻ ബ്രാഞ്ച്, IFSC - SBIN0070028) ബാങ്കിൽ നേരിട്ട് ഒടുക്കിയ ശേഷം, ആയതിന്റെ ഒറിജിനൽ കൗണ്ടർ- ഫോയിലിൽ ജേണൽ നമ്പർ/ട്രാൻസാക്ഷൻ റെഫറൻസ് നമ്പർ ബാങ്കിൽ നിന്ന് എഴുതി വാങ്ങേണ്ടതും ആയതിന്റെ **അസ്സൽ** അതാത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

** **ഗൂഗിൾ പേ/UPI മുഖേന ഡിപ്ലോമ സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒടുക്കുന്നത് സ്വീകാര്യമല്ല.**

** കൗണ്ടർഫോയിലിൽ ജേണൽ നമ്പർ/ട്രാൻസാക്ഷൻ റെഫറൻസ് നമ്പർ ബാങ്കിൽ നിന്ന് എഴുതി വാങ്ങിയിട്ടില്ലാത്തതും, ആയതിന്റെ അസ്സൽ കൗണ്ടർഫോയിൽ ഇല്ലാതെ സമർപ്പിക്കുന്ന അപേക്ഷകളും, അപൂർണ്ണം ആയിട്ടുള്ളതുമായ ഒരു അപേക്ഷകളും സ്വീകരിക്കുന്നതല്ല.